മുഹമ്മദ് ശമീം

# വിശുദ്ധിയെയും പുണ്യത്തെയും കുറിച്ച് ഒരു കഥ

**എന്താണ്** യഥാർഥമായ ആനന്ദം?

ഈശ്വരപ്രസാദത്തിൽനിന്നാണ് യഥാർഥ ആനന്ദമുണ്ടാകുന്നത്. ആ പ്രസാദം നേടിയെടുക്കുകയും മഹത്തായ ആ സത്യത്തോടു ചേരുകയുമാണ് സത്യത്തിന്റെയും ആധ്യാത്മികതയുടെയും സാക്ഷാത്കാരം. അഥവാ പരമസാക്ഷാത്കാരം.

പരമസാക്ഷാത്കാരത്തിലേക്ക്, യഥാർഥ ആത്മീയാനന്ദത്തിലേക്കുള്ള വഴി ഏതാണ്? പുണ്യമാർജിക്കലാണ് ആനന്ദത്തിന്റെ വഴി. എന്നാൽ എന്താണ് പുണ്യം? പുണ്യം നേടാൻ സഹായിക്കുന്ന ഏറ്റവും വലിയ സൽക്കർമമേത്?

സാമൂഹികബന്ധങ്ങളിലും രക്തബന്ധങ്ങളിലും കടപ്പാടുകളുടെ നിർവഹണത്തിലുമുള്ള ശുഷ്കാന്തി ഏറ്റവും വലിയ പുണ്യമാകുന്നു. അതോടൊപ്പം മനുഷ്യൻ സദാചാരവിശുദ്ധി പരിരക്ഷിക്കലും അവന്റെ ഇടപാടിലും സമ്പത്തിലും പരിശുദ്ധിയുടെ വഴി തേടലും പുണ്യമാണ്. ഏതൊരാൾക്കും തന്റെ സമൂഹത്തോടും അതിലെ അംഗങ്ങളോടുമുള്ള, വിശുദ്ധവും ധാർമികവുമായ ബന്ധം പുണ്യം നേടാനുള്ള വലിയ വഴിയാണ്. പരമസാക്ഷാത്കാരത്തിലേക്കും ആനന്ദത്തിലേക്കുമുള്ള വഴി.

ഒരിക്കൽ ഇസ്രാഈൽ സമൂഹത്തിൽപെട്ട മൂന്നു പേർ ഒരു മഹാ പ്രതിസന്ധിയിലകപ്പെട്ടു. ലഘുവായ ആപത്തിൽനിന്ന് അവർ രക്ഷ നേടിയപ്പോൾ കൂടുതൽ വലിയ പ്രശ്നത്തിൽ കുടുങ്ങുകയായിരുന്നു.

ആ സംഭവം വിശദീകരിക്കപ്പെട്ടതിങ്ങനെയാണ്: മൂന്നാളുകൾ മഴയിൽനിന്ന് രക്ഷ നേടാനോ മറ്റോ ഒരു ഗുഹയിൽ കയറി. പ്രകൃതിദത്തമായ ഒരഭയകേന്ദ്രമത്രെ ഗുഹ. ഏതഭയകേന്ദ്രവും അങ്ങനെയായിരിക്കുന്നത് അതിന്റെ നാഥന്റെ കൽപനപ്രകാരമാകുന്നു. അപ്പോൾ സാക്ഷാൽ അഭയം പ്രപഞ്ചങ്ങളുടെ നാഥനായ അല്ലാഹുവാണെന്ന ബോധമാണ് വേണ്ടത്. അവനോടുള്ള ഭക്തിയും അനുരാഗവുമത്രെ സകല ആപത്തിലും തുണയാകുന്നത്.

മഴ തോർന്നിട്ടാവാം, മൂവരും പുറത്തുകടക്കാനിരിക്കെ ഒരു കൂറ്റൻ കല്ല് വീണ് ഗുഹാകവാടം അടഞ്ഞു. വരുംവരായ്കകളെപ്പറ്റി നാമജ്ഞരാകുന്നു. നമുക്ക് രക്ഷയെന്ന് നാം കരുതുന്നതുതന്നെ ചിലപ്പോൾ നാശവുമാകുന്നു. പാർപ്പിനുള്ള സൗകര്യവും തണലും തരുന്ന വീട് ചിലപ്പോൾ ഇടിഞ്ഞ് നമ്മുടെ മേൽതന്നെ പതിക്കുന്നു.

കല്ല് തള്ളിമാറ്റാൻ ശ്രമിക്കുന്തോറും അത് കൂടുതലായി കവാടത്തോട് ചേർന്നു. അവരെ പൂർണമായും ഇരുട്ടുവന്നു മൂടി.

രക്ഷപ്പെടാനുള്ള ഉപായങ്ങളാലോചിച്ചു. ഒരു വഴിയും കണ്ടെത്താനായില്ല. അവരിലൊരാൾ പറഞ്ഞു: 'ചങ്ങാതിമാരേ, അല്ലാഹുവിന്റെ പ്രത്യേകമായ ഔദാര്യമല്ലാതെ മറ്റൊന്നും നമുക്കിനി പ്രതീക്ഷിക്കാനില്ല.'

'നമുക്കതിനു വേണ്ടി പ്രാർഥിക്കാം'- വേറൊരാൾ പറഞ്ഞു. 'നാം ജീവിതത്തിൽ ചെയ്ത ഏറ്റവും ശ്രേഷ്ഠമായ കർമങ്ങളെ മുൻനിർത്തി അല്ലാഹുവോടു പ്രാർഥിക്കാം. നാം സൽക്കർമങ്ങൾ അല്ലാഹുവിനു വേണ്ടിത്തന്നെ നിർവഹിക്കുന്നവരാണെങ്കിൽ അവൻ നമ്മെ ഐഹികലോകത്തോ പാരത്രിക ലോകത്തോ സഹായിക്കുക തന്നെ ചെയ്യുമല്ലോ.'

ചിലയാളുകൾ കേവലമായ ആത്മസംതൃപ്തിക്കു വേണ്ടിയും മറ്റു ചിലർ ലോകപ്രശംസ കാംക്ഷിച്ചും ഇനിയും ചിലർ ഭൗതികമായ മറ്റു നേട്ടങ്ങൾക്കായും കർമം ചെയ്യുന്നു. അല്ലാഹുവോടുള്ള ഭക്തിയും അനുരാഗവും മൂലമുള്ളതല്ലാത്ത പ്രവൃത്തികളെ അല്ലാഹു തനിക്കു വേണ്ടി സ്വീകരിക്കുന്നില്ല. അല്ലാഹുവോടുള്ള അനുരാഗമാകട്ടെ, കർമങ്ങളിൽനിന്നുള്ള പിന്മാറ്റമേ അല്ല.

അങ്ങനെ ഒരാൾ പ്രാർഥിച്ചു തുടങ്ങി.

അയാൾ വൃദ്ധരായ മാതാപിതാക്കളോടൊപ്പം താമസിച്ചിരുന്നു. അവശരായ അവരുടെ പരിപാലനത്തിലും സംരക്ഷണത്തിലും അയാൾ തികഞ്ഞ ശ്രദ്ധ കാണിച്ചു. ഒരു രാത്രി ആട്ടിനെ കറന്ന് മാതാപിതാക്കൾക്ക് കുടിക്കാനുള്ള പാലുമായി അയാളവരെ സമീപിച്ചു. വൃദ്ധ ദമ്പതികൾ അപ്പോഴേക്കും ഉറങ്ങിപ്പോയിരുന്നു. ക്ഷീണിച്ചുറങ്ങുന്ന മാതാപിതാക്കളെ ഉണർത്താനോ അവർ തൃപ്തരാവാതെ സ്വയം വിശപ്പടക്കാനോ അയാൾ ഇഷ്ടപ്പെട്ടില്ല. അയാൾ അവരുണരുവോളം കാത്തിരുന്നു. ആ രാത്രി മുഴുവൻ. അവരുണർന്ന് അവർക്ക് പാല് നൽകി തൃപ്തരാക്കിയിട്ട് അയാളും കുടിച്ചു.

ഇതനുസ്മരിച്ച് അയാൾ പറഞ്ഞു: 'കാരുണ്യവാനായ നാഥാ, മാതാപിതാക്കളോട് നന്മയിൽ വർത്തിക്കാനും അവരെ ആദരിക്കാനും നീയാണല്ലോ കൽപിച്ചത്. നിന്നോടുള്ള പ്രിയവും നിന്റെ സംപ്രീതിക്കു വേണ്ടിയുള്ള മോഹവുമാണ് എന്നെയതിനു പ്രേരിപ്പിച്ചതും. നീ ഇഷ്ടപ്പെടുന്നുവെങ്കിൽ, ഞാൻ പറഞ്ഞതു വാസ്തവമാണെന്ന് നീ അംഗീകരിച്ചിട്ടുണ്ടെന്ന്, ഇപ്പോൾ ഞങ്ങളെ സഹായിച്ചുകൊണ്ട് നീ വെളിപ്പെടുത്തിത്തരേണമേ.'

മാതാപിതാക്കളോടുള്ള സ്നേഹം

എല്ലാറ്റിലും പ്രധാനമാണ്. മനുഷ്യരുടെ പ്രകൃതിയിൽ ഈശ്വരൻ നിക്ഷേപിച്ച കൽപനയാണത്. വിശുദ്ധ ഗ്രന്ഥത്തിൽ അവനത് വചനങ്ങളായി ആവർത്തിച്ചിട്ടുമുണ്ട്. എല്ലാ ജീവജാലങ്ങളും അവയുടെ സന്തതികളെ സ്നേഹിക്കുന്നു. അത് അവരുടെ പ്രകൃതിയിൽ നിക്ഷിപ്തമായ ദൈവകൽപനയാകുന്നു. ബോധമോ വിവേചനശക്തിയോ ഇല്ലാത്ത തിര്യക്കുകൾ അവയുടെ പ്രകൃതിയാലുള്ള ദൈവകൽപനകൾക്ക് വഴങ്ങുന്നു. മക്കളെ സ്നേഹിക്കുന്നതോടൊപ്പം മാതാപിതാക്കളെ ആദരിക്കുകയും വേണമെന്നത് മനുഷ്യരിൽ സവിശേഷമായി നിക്ഷേപിക്കപ്പെട്ടിട്ടുള്ള ഈശ്വരകൽപനയത്രെ. മനുഷ്യന് ഈശ്വരൻതന്നെ തീരുമാനാധികാരം നൽകിയിരിക്കുകയാൽ അവന് ധിക്കരിക്കാനും പറ്റും. ഒട്ടേറെ പേർ ഈശ്വരനെ ധിക്കരിച്ച് മാതാപിതാക്കളോടും സഹജീവികളോടും മോശമായി വർത്തിക്കുന്നു. മാതാപിതാക്കൾ തൊട്ട് സകല തലത്തിലുമുള്ള ബന്ധങ്ങളുടെയും കടപ്പാടുകളുടെയും പ്രാധാന്യം വിശുദ്ധ ഗ്രന്ഥം പ്രഖ്യാപിക്കുന്നു.

ഭയങ്കര ശബ്ദത്തോടെ ഒരു ഇളക്കമുണ്ടായി. ഗുഹാകവാടത്തിലെ കല്ല് അൽപം നീങ്ങി. അതിലൂടെ അവർക്ക് പുറത്തുകടക്കാനാവുമായിരുന്നില്ല. അപ്പോൾ രണ്ടാമൻ പ്രാർഥന തുടങ്ങി.

അയാളുടെ ബന്ധുവായി ഒരു സ്ത്രീയുണ്ടായിരുന്നു. ആ യുവതിയിൽ അയാൾക്ക് അവിശുദ്ധമായ ഭ്രമമുണ്ടായി. അതി തീവ്രമായിത്തന്നെ അയാൾ അവളുമൊത്തുള്ള സഹവാസത്തിന് കൊതിച്ചു. എന്നാൽ ഭക്തയും സുചരിതയുമായ അവൾ അയാളുടെ പ്രലോഭനങ്ങൾക്ക് ഒട്ടും വഴങ്ങിയില്ല.

ഒരിക്കൽ അന്നാട്ടിൽ കടുത്ത ക്ഷാമമുണ്ടായി. സമ്പന്നനായ അയാൾക്ക് വലിയ പ്രയാസങ്ങളുണ്ടായില്ല. എന്നാൽ ആ സാധ്വിക്കാവട്ടെ, വിശപ്പ് സഹിക്കവയ്യാതെ സഹായത്തിന് അയാളെ സമീപിക്കേണ്ടിവന്നു. തന്റെ അഭീഷ്ടത്തിനു വഴങ്ങണമെന്ന നിബന്ധനയിൽ അയാളവൾക്ക് നൂറു സ്വർണ നാണയം നൽകി. അവർ തനിച്ച് ഒരു മുറിയിലായപ്പോൾ അയാൾ അത്യധികം ആസക്തിയോടെ അവളെ സമീപിച്ചു. അപ്പോൾ അവൾ പറഞ്ഞു: 'സഹോദരാ, അല്ലാഹുവിനെ സൂക്ഷിക്കുക. അവന് അഹിതകരമായത് നീയെന്നോടു പ്രവർത്തിക്കരുത്. അല്ലാഹുവിനെയോർത്ത് എന്റെ വിശുദ്ധി തകർക്കരുത്'.

ചെകുത്താന്റെ പ്രലോഭനത്തിന്റെ അതിമൂർഛയിലെത്തി നിൽക്കുകയായിരുന്ന അയാളിൽ ഈ വാക്കുകൾ വലിയ ഇളക്കമുണ്ടാക്കി. അയാൾ തന്റെ ഉദ്യമത്തിൽനിന്ന്, പാപത്തിൽനിന്ന് പിന്തിരിഞ്ഞു. അവളോട് മാന്യമായി പെരുമാറുകയും ഉദാരതയോടെ അവളെ സഹായിക്കുകയും ചെയ്തു.

സമൂഹത്തിലുണ്ടാക്കിയിട്ടുള്ള ചില സംവിധാനങ്ങൾ തകർന്നു പോകാതിരിക്കാൻ സങ്കൽപിച്ചുണ്ടാക്കുന്ന മിഥ്യകളാണ് പാപപുണ്യധാരണകൾ എന്നത്രെ ഇക്കാലത്ത് പലരും ചിന്തിക്കുന്നത്. എന്നാൽ സമൂഹസംവിധാനങ്ങൾ മാത്രമല്ല, അവനവന്റെ തന്നെ ആത്മീയവും മാനസികവും ബൗദ്ധികവും ഭൗതികവുമായുള്ള നിലനിൽപിന്റെ അനിവാര്യതയത്രെ യഥാർഥത്തിൽ പാപപുണ്യങ്ങളെക്കുറിച്ച സൂക്ഷ്മതയും ബോധവും.

സമൂഹത്തിലെ അംഗങ്ങൾക്ക് പരസ്പരമുണ്ടാകേണ്ട ബന്ധത്തെ അത്യുന്നതമായ തലത്തിലും ധാർമികതയിലും കാത്തുസൂക്ഷിക്കാനാണ് അല്ലാഹു കൽപിച്ചിട്ടുള്ളത്. അവിശുദ്ധമായ ബന്ധങ്ങൾ യഥാർഥത്തിൽ ബന്ധവിഛേദം തന്നെയാകുന്നു. ഇഛകളുടെ, തൃഷ്ണകളുടെ മേൽ മനുഷ്യൻ നേടിയെടുക്കുന്ന വിജയത്തിലൂടെ അഥവാ സദാചാരവിശുദ്ധിയിലൂടെയാണ് ബന്ധങ്ങളെയും ഇടപെടലുകളെയും ധാർമികതയിൽ കാത്തുസൂക്ഷിക്കാൻ സാധിക്കുക.

തന്റെ ഈ സമർപ്പണത്തെ മുൻനിർത്തി, തന്റെ അർഥന സ്വീകരിക്കാൻ രണ്ടാമനും ദൈവത്തോട് യാചിച്ചു. അപ്പോൾ കല്ല് അൽപം കൂടി ഇളകി. അപ്പോഴും അവർക്ക് പുറത്തുകടക്കാൻ പോന്നത്ര വിടവുണ്ടായില്ല. അങ്ങനെ മൂന്നാമനും അല്ലാഹുവിനു വേണ്ടി താൻ ചെയ്ത സൽക്കർമങ്ങളെ അനുസ്മരിച്ചു.

അയാളുടെ കീഴിൽ കുറച്ചാളുകൾ ജോലിചെയ്തിരുന്നു. അക്കൂട്ടത്തിലൊരാൾ പെട്ടെന്ന് നാടുവിട്ടു പോയ്ക്കളഞ്ഞു. കണക്കു തീർത്ത് കൂലി സ്വീകരിക്കാതെയാണയാൾ പോയത്.

ജോലിക്കാരനവകാശപ്പെട്ട കൂലി വിഹിതം തന്റെ മുതലിൽ ചേർക്കാൻ അയാൾ ഇഷ്ടപ്പെട്ടില്ല. ആ തുക വെറുതെയിടാനും അയാൾക്ക് തോന്നിയില്ല. അയാളത് ഒരു സംരംഭത്തിൽ നിക്ഷേപിച്ചു. പെട്ടെന്നുതന്നെ ആ നിക്ഷേപം വളർന്നു. അങ്ങനെയിരിക്കെ ഒരുനാൾ ജോലിക്കാരൻ തിരിച്ചുവന്ന് തനിക്കുള്ള കൂലി തരണമെന്ന് ആവശ്യപ്പെട്ടു.

അയാൾ കുറേയേറെ ആടുമാടൊട്ടകങ്ങളെയും ഗോതമ്പുവിളകളെയും കാണിച്ചുകൊടുത്തു പറഞ്ഞു: 'ഇതാ, ഇതെല്ലാം നിന്റെയാണ്. എടുത്തോളൂ'. ജോലിക്കാരൻ ശങ്കയോടെ 'അങ്ങെന്നെ കളിയാക്കുകയാണോ?' എന്നു ചോദിച്ചു. അപ്പോൾ അയാൾ: 'അല്ല സഹോദരാ, താങ്കളുടെ കൂലിവിഹിതം നിക്ഷേപിച്ചു വളർത്തിയതാണിതെല്ലാം. ഇതിൽ എന്റെ അധ്വാനത്തിനു സ്വീകരിക്കാവുന്ന ന്യായമായ പ്രതിഫലവും ഞാൻ നിനക്കു വിട്ടുതരുന്നു. എല്ലാം എടുത്തോളൂ.'

ഇത് ഏറെ ഉത്കൃഷ്ടമായ മാതൃകയും ശ്രേഷ്ഠമായ ഗുണകാംക്ഷയുമാണ്. തന്റെ കീഴിലുള്ളവരോട് നന്മയിൽ വർത്തിക്കാൻ അല്ലാഹു കൽപിക്കുന്നു. ജോലിക്കാരന്റെ അധ്വാനശേഷി ചൂഷണം ചെയ്യുന്നതിലല്ല, അയാളുമായി മാന്യതയിലും സാഹോദര്യത്തിലും സഹവർത്തിക്കുന്നതിലാകുന്നു ഭൗതികവും ആത്മീയവുമായ വളർച്ചയുള്ളത്. ചൂഷണവും സ്പർധയും സമൂഹത്തിൽ തകർച്ചയുണ്ടാക്കും. ഗുണകാംക്ഷ സകല ഭൗതികവ്യവഹാരങ്ങളിലും കാത്തുസൂക്ഷിക്കുമ്പോൾ ശരിയായ പരസ്പര സഹവർത്തിത്വവും അതിലൂടെ ഭൗതിക വളർച്ചയും സമൂഹത്തിന് പുരോഗതിയുമുണ്ടാകും. ഇത് നമ്മെ ആനന്ദത്തിലേക്ക് നയിക്കും.

ഈ അർപ്പണത്തെയും തുടർന്ന് കല്ല് അൽപം കൂടി ഇളകി. അവർക്ക് പുറത്ത് കടക്കാവുന്ന വിടവുണ്ടായി. അവർ രക്ഷപ്പെട്ടു. തങ്ങളുടെ ജീവിതവും കർമങ്ങളും അല്ലാഹുവിങ്കൽ സ്വീകാര്യമായിട്ടുണ്ടെന്ന സുവാർത്ത നേരിട്ടനുഭവിച്ച് ധന്യരായിക്കൊണ്ട് മൂവരും അവരുടെ യാത്ര തുടർന്നു.

ഇപ്രകാരം ജീവിതത്തിന്റെ സകല മേഖലകളിലുമുള്ള പുണ്യപ്രവൃത്തികളും സദാചാരവിശുദ്ധിയും ബന്ധങ്ങളോടും സമൂഹത്തോടുമുള്ള പ്രതിബദ്ധതയും മനുഷ്യനെ നിലനിർത്തുന്നു. ഈ ഗുണങ്ങൾ ഉപേക്ഷിക്കപ്പെട്ടാൽ സമൂഹം തകരും. പരിശുദ്ധ പ്രവാചകൻ ഇങ്ങനെ പറഞ്ഞു: "അഞ്ചു കാര്യങ്ങളിൽ നിങ്ങൾ പെടാതിരിക്കട്ടെയെന്ന് ഞാൻ പ്രാർഥിക്കുന്നു. ഒരു സമൂഹത്തിൽ വ്യഭിചാരം പ്രത്യക്ഷപ്പെടുകയും അവരത് പരസ്യമാക്കിത്തുടങ്ങുകയും ചെയ്താൽ മുമ്പില്ലാത്ത രോഗങ്ങൾഅവരിൽ വ്യാപിക്കാതിരിക്കില്ല. അളവു തൂക്കങ്ങളിൽ കൃത്രിമത്വം കാണിക്കുന്ന സമൂഹം ക്ഷാമം, അധികച്ചെലവ്, അധികാരികളുടെ മർദനം എന്നിവ മുഖേന ശിക്ഷിക്കപ്പെടാതിരിക്കില്ല. ഒരു ജനത തങ്ങളുടെ സമ്പത്തിന്റെ സകാത്ത് നൽകാതിരുന്നാൽ അവർക്ക് മഴ തടയപ്പെടും, അവരുടെ നാൽക്കാലികളില്ലെങ്കിൽ തീരെ മഴ ലഭിക്കുകയില്ല. ഒരു കൂട്ടർ അല്ലാഹുവിനോടും ദൂതനോടുമുള്ള ഉടമ്പടി ലംഘിച്ചാൽ അവർക്കു മേൽ അവരിൽപെടാത്ത ശത്രുവിന് അധികാരം ലഭിക്കുകയും അവരുടെ കൈയിലുള്ളതിൽനിന്ന് ശത്രുക്കൾ പിടിച്ചെടുക്കുകയും ചെയ്യും. ഒരു സമൂഹത്തിലെ നേതാക്കൾ അല്ലാഹുവിന്റെ വേദമനുസരിച്ച് വിധികൽപി

ക്കാതിരുന്നാൽ അവരിൽ വഴക്കും അന്തഃ ഛിദ്രതയുണ്ടാവാതിരിക്കില്ല."

മാതാപിതാക്കളോടുള്ള കടപ്പാട്, സ്ത്രീ പുരുഷന്മാർ പരസ്പരമനുവർത്തിക്കേണ്ട വിശുദ്ധമായ ആദരവ്, തന്റെ കീഴിലുള്ളവരോടുള്ള ഗുണകാംക്ഷ തുടങ്ങിയവയും സദാചാരത്തിലും സമ്പത്തിലുമുള്ള വിശുദ്ധിയുമാണ് പുണ്യം നേടുന്നതിനും ആനന്ദം കൈവരിക്കുന്നതിനും ഈ ലോകമാകുന്ന ചെറു ഗുഹയിൽ നിന്ന് മുക്തിനേടി ഈശ്വരപ്രീതി സാക്ഷാത്കരിക്കുന്നതിനുമുള്ള മഹത്തായ മാർഗങ്ങൾ.

സീനായിലെ മലയിൽ വെച്ച് ദൈവം തന്റെ ദൂതനായ മോശക്ക് കൽപനകൾ നൽകി. അവ ഇങ്ങനെയാകുന്നു: 1. കർത്താവായ സാക്ഷാൽ ദൈവമല്ലാത്ത ദേവന്മാരോ അധികാരികളോ നിനക്കുണ്ടാവരുത്. 2) ഒരു വിഗ്രഹവും നിനക്കായി ഉണ്ടാക്കരുത്. മീതെ ആകാശത്തോ താഴെ ഭൂമിയിലോ ഭൂമിക്കു താഴെ വെള്ളത്തിലോ ഉള്ള ഒന്നിന്റെയും ബിംബമുണ്ടാക്കുകയോ അവക്കു മുന്നിൽ തല കുനിക്കുകയോ അരുത്. 3) ദൈവത്തിന്റെ നാമത്തെ വൃഥാ എടുക്കരുത്. 4) ശാബ്ബത്ത് നാളിന്റെ അനുഷ്ഠാനങ്ങൾ കൈക്കൊള്ളണം. 5) മാതാപിതാക്കളെ ആദരിക്കണം. 6) ആരെയും കൊല്ലരുത്. 7) വ്യഭിചരിക്കരുത്. 8) അന്യന്റെ മുതൽ മോഷ്ടിക്കരുത്. 9) നിന്റെ അയൽക്കാരനെതിരെ കള്ളസാക്ഷിയാകരുത്. 10) അപരന്റെ ഭാര്യയെയോ വീടിനെയോ കാളയെയോ കഴുതയെയോ മറ്റെന്തെങ്കിലുമോ മോഹിക്കരുത്.

പത്തു കൽപനകളിൽ ആദ്യത്തെ നാലെണ്ണം ദൈവബദ്ധവും ശേഷം ആറെണ്ണം സമൂഹബദ്ധവുമായിരുന്നു. ബന്ധങ്ങളിലും സദാചാരത്തിലുമുള്ള വിശുദ്ധിയാണ് പുണ്യത്തിന്റെയും ദൈവപ്രീതിയുടെയും ഇരിപ്പിടം. ആത്മവിശുദ്ധി കുടുംബബന്ധങ്ങളെയും സമൂഹബന്ധങ്ങളെയും ദൃഢമാക്കും. അത് ജീവിതത്തിന് ഭദ്രത പകരും. ജ്ഞാനിയായ കണ് ഫ്യൂഷസ് ഇങ്ങനെ പറഞ്ഞു: "ഹൃദയത്തിൽ നന്മയുണ്ടായാൽ സ്വഭാവത്തിന് വശ്യതയുണ്ടാകും. സ്വഭാവത്തിലെ വശ്യത ഗൃഹത്തിൽ ഒരുമയുണ്ടാക്കും. ഗൃഹങ്ങളിൽ ഒരുമയുണ്ടായാൽ രാജ്യത്തിന് ക്രമമുണ്ടാകും. രാജ്യങ്ങൾക്ക് ക്രമമുണ്ടായാൽ ലോകത്തിൽ സമാധാനമുണ്ടാകും". തത്വചിന്തയുടെ ലക്ഷ്യം ശ്രേഷ്ഠനായ മനുഷ്യനെയും ഉത്തമമായ സമൂഹത്തെയും സൃഷ്ടിക്കലാണെന്ന് കണ് ഫ്യൂഷസ് പറഞ്ഞു. ഇതിന് വ്യക്തിയുടെ വിശുദ്ധിയും വിശുദ്ധമായ ബന്ധങ്ങളും വളരേണ്ടതുണ്ട്.

ജീവിതവിശുദ്ധിക്കായി ഗൗതമ ബുദ്ധൻ പഞ്ചശീലങ്ങളുപദേശിച്ചു. ഇതര മനുഷ്യരെയോ ഏതൊരു ജീവിയേയുമോ ഹിംസിക്കരുത്, മറ്റൊരുത്തന്റെ ധനം എടുക്കരുത്, വ്യഭിചരിക്കരുത്, വാക്കിലോ പ്രവൃത്തിയിലോ ഇടപാടുകളിലോ അസത്യമരുത്, മദ്യപിക്കരുത് എന്നിവയാണവ.

മഹാവീര തീർഥങ്കരൻ പഞ്ചമഹാവ്രതങ്ങൾ ഉപദേശിച്ചതും അതുപോലെ തന്നെ. അവ ഇങ്ങനെ: 1) അഹിംസ -ജീവനെ ആദരിക്കണം. 2) സത്യം- മനസാ വാചാ കർമണാ സത്യം പാലിക്കണം. ആരെയും വഞ്ചിക്കരുത്. 3) അസ്തേയം- മറ്റൊരാളുടെ ധനം കവരരുത്. മോഷണം, ചൂഷണം, കള്ളക്കച്ചവടം എന്നിവ വെടിയണം. 4) ബ്രഹ്മചര്യം-കാമനിയന്ത്രണം പാലിക്കുകയും വ്യഭിചാരം ഉപേക്ഷിക്കുകയും വേണം. 5) അപരിഗ്രഹം- ലൗകിക വസ്തുക്കളിൽ നിസ്സംഗത പാലിക്കണം. ഇതാണ് മുഖ്യമായ ധർമപാഠങ്ങൾ. ഇതാണ് പുണ്യത്തിലേക്കും ആനന്ദത്തിലേക്കുമുള്ള വഴി. ഇതിലാണ് മഹത്തായ ഈശ്വരാരാധനയുള്ളത്. വിശുദ്ധ ഗ്രന്ഥത്തിൽ അല്ലാഹു തന്റെ കൽപനകളെ ഇങ്ങനെ കേൾപ്പിക്കുന്നു: "വരുവിൻ, നിങ്ങളുടെ നാഥൻ നിങ്ങൾക്കു നൽകുന്ന കൽപനകൾ കേൾപ്പിക്കാം. സാക്ഷാൽ അധികാരിയായ അല്ലാഹുവിന്റെ അവകാശങ്ങളിൽ ഒന്നിനെയും പങ്കു ചേർക്കരുത്. മാതാപിതാക്കളോട് വളരെ നന്മയിൽ വർത്തിക്കണം. ദാരിദ്ര്യഭയത്താൽ സന്തത്ഹത്യ നടത്തരുത്. ഒളിഞ്ഞതോ തെളിഞ്ഞതോ ആയ നീചവൃത്തികളോടൊന്നും (അവ വ്യഭിചാരവും മോഷണവും മദ്യപാനവുമത്രെ) അടുക്കുത്. അല്ലാഹു ആദരിച്ച മനുഷ്യജീവനെ അന്യായമായി ഹനിക്കരുത്. അനാഥരുടെ സമ്പത്തിനെ സദുദ്ദേശ്യത്തിലല്ലാതെ സമീപിക്കരുത്. അളവു തൂക്കങ്ങളിൽ നീതി പാലിക്കണം. കാര്യം പറയുമ്പോൾ നീതിപൂർവം പറയണം; അത് സ്വന്തക്കാർക്കെതിരായാൽപോലും. മനുഷ്യൻ ദൈവത്തോട് ചെയ്യുന്നതും ദൈവനാമത്തിൽ പരസ്പരം ചെയ്യുന്നതുമായ സകല പ്രതിജ്ഞകളും പാലിക്കണം". ■